**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **13-02-2025 - ൽ മറുപടിയ്ക്ക്**

**റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിന്റെ നയസമീപനവും പ്രതികൂല കാലാവസ്ഥയും മൂലം റബർ കർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിലയിടിവും കാലാവസ്ഥാവ്യതിയാനം മൂലം റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കാലാവസ്ഥ പ്രശ്നങ്ങൾ നിമിത്തം ഉണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനും വിവിധങ്ങളായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ പ്രശ്നങ്ങൾമൂലം ടാപ്പിംഗ് ദിനങ്ങൾ കുറയുക, റബ്ബർ മരങ്ങളിൽ നിന്നും ഉല്പാദനം കുറയുക തുടങ്ങിയ പ്രശ്നങ്ങൾ റബ്ബർ കർഷകർ നേരിടുന്നുണ്ട്.കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുകയും റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടതെന്നും പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആന്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കർഷകർക്ക് സബ്സിഡിയ്ക്കും ഇൻസെന്റീവുകൾക്കും ആയി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കുന്നതിനായി നിയമത്തിൽ ശക്തമായ ഭേദഗതികൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | റബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റബ്ബറിന്റെ ഉത്പാദനം, വികസനം, കയറ്റുമതി എന്നീ കാര്യങ്ങൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡിൽ നിക്ഷിപ്തമാണെങ്കിലും വിള ഇൻഷുറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും, യന്ത്രവത്ക്കരണവും മൂല്യ വർധനവിനുള്ള പദ്ധതികളും കൃഷി വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ പ്രധാൻമന്ത്രി ഫസൽ ബീമയോജന (PMFBY), Restructured Weather Based Crop Insurance Schme (RWBCIS), Sub-Mission on Agricultural Mechanization (SMAM), അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, സംസ്ഥാന വിള ഇൻഷുറൻസ് തുടങ്ങിയ പദ്ധതികളാണ് ഇവയിൽ പ്രധാനപ്പെട്ടത്.<br><br>2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള കാലാവസ്ഥ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര) യിലൂടെ റബ്ബർ കർഷകർക്ക് ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം (225 കോടി രൂപ), റബ്ബർ നഴ്സറികൾക്കുള്ള സഹായം, കർഷകർക്കുള്ള പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം (110 കോടി രൂപ ) തുടങ്ങിയവ 'കേര' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്.<br><br>**റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ 61.57 കോടി രൂപയാണ് ഈ ഇനത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. സ്വാഭാവിക റബ്ബർ ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് ലക്ഷ്യമാക്കി സിയാൽ മോഡലിൽ ഒരു കമ്പനി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കോട്ടയം ജില്ലയിലെ വെള്ളൂർ കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോ ഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. ഈ തുക 250/- ആയി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടു കൊണ്ട് പല തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും കേന്ദ്ര മന്ത്രിയെ നേരിൽ കണ്ടു കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമ്മാണ പ്രവർത്തികളിൽ റബ്ബർ വുഡിന്റെയും അനുബന്ധ റബ്ബർ ഉത്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നു കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (സി) | സംസ്ഥാനത്ത് റബറിന് മികച്ച വിലകിട്ടാനുള്ള സാധ്യതയുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ | (സി) | **ടയർ കമ്പനികളും ഇടനിലക്കാരും ചേർന്ന് കൃത്രിമമായി വില നിയന്ത്രിക്കുകയാണോ എന്ന്** |

| | | | |
|---|---|---|---|
| | ടയർ കമ്പനികളും ഇടനിലക്കാരും സമ്മതിക്കുന്നില്ല എന്ന പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ; | | **പരിശോധിക്കാൻ വ്യാപാര മോണിറ്ററിങ് സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കമ്പനികൾ വില മാന്ദ്യമുണ്ടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. വിവിധ കർഷക സംഘടനകൾ ഈ പരാതികൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കോമ്പറ്റിഷൻ കമ്മിഷൻ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. റബ്ബർ ഷീറ്റുകളും ഉല്പന്നങ്ങളും നേരിട്ട് വിപണനം ചെയ്യാൻ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക, ദേശീയ, അന്തർദേശീയ വിപണന മാർഗങ്ങൾ തേടുക, റബ്ബർ അധിഷ്ഠിത സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുക, ടയർ കമ്പനികൾക്ക് പുറമെ ആട്ടോമോട്ടീവ്, എഞ്ചിനീയറിംഗ്, ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾ എന്നിവയുമായി നേരിട്ട് വിപണന ബന്ധം ഉറപ്പാക്കുക എന്നീ മാർഗ്ഗങ്ങളും അവലംബിക്കാവുന്നതാണ്.** |
| (ഡി) | റബർ സംഭരണം വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | **റബ്ബർ സംഭരണം സംസ്ഥാന സർക്കാർ നടത്തുന്നില്ല. എന്നാൽ റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് പദ്ധതിയിൽ അനുവർത്തിക്കുന്നത്. ഈ പദ്ധതിയിലൂടെ കിലോഗ്രാമിന് 180/- രൂപാ നിരക്കിൽ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനാൽ വിലയിടിവുള്ള സാഹചര്യങ്ങളിൽ പദ്ധതി കർഷകർക്ക് ആശ്വാസം നല്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ